"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ടു പാറ, റീസർവ്വെ നം.204/6-ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിൽ ദീർഘ കാലമായി താമസിച്ചു വരുന്ന 23 കൈവശക്കാർക്ക് 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.53/2025/RD തീയതി,തിരുവനന്തപുരം, 22-02-2025

---

പരാമർശം:-

1. ശ്രീ. എൻ ഹംസ 17.01.2023-ൽ സമർപ്പിച്ച നിവേദനം.
2. മലപ്പുറം ജില്ല ജിയോളജിസ്റ്റിന്റെ 22.01.2024-ലെ DOMAL-DMG/2138/2023-M നമ്പർ കത്ത്.
3. മലപ്പുറം ജില്ലാ കളക്ടറുടെ 15.6.2024-ലെ DCMPM/5962/2023-C2 നമ്പർ കത്ത്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 20.07.2024-ലെ LR/5331/2023-LR.J5(PM-SC-3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മൊറയൂർ വില്ലേജിലെ ഇരുമ്പനങ്ങോട്ടു പാറ, തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിലെ കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. എൻ. ഹംസ പരാമർശം (1) പ്രകാരം നിവേദനം സമർപ്പിച്ചിരുന്നു.

2. മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിൽ ഇരുമ്പനങ്ങോട്ടുപാറ, തോട്ടേരിപ്പാറ എന്നീ പ്രദേശങ്ങളിൽ ആകെ 24 കുടുംബങ്ങളാണ് വീട് വച്ച് താമസിച്ച് വരുന്നത്. റീ സർവ്വെ രേഖകളിൽ ടി സ്ഥലങ്ങൾ "പാറ പുറമ്പോക്ക്" എന്ന വിഭാഗത്തിലാണ് ഉൾപ്പെട്ട് വരുന്നത്. കൂടാതെ എ രജിസ്റ്ററിൽ "പാറ" എന്ന് രേഖപ്പെടുത്തിയിരുന്നതും റീസർവ്വെയ്ക്ക് ശേഷം "സർക്കാർ പാറ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. തോട്ടേരിപ്പാറ പ്രദേശത്ത് 14 കുടുംബങ്ങളും ഇരുമ്പനങ്ങോട്ടുപാറ പ്രദേശത്ത് 10 കുടുംബങ്ങളും വർഷങ്ങളായി വീട് വച്ച് താമസിച്ചു വരുന്നു. ഇവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മറ്റ് ഭൂമിയില്ലാത്തവരും ആണ് എന്നും തോട്ടേരിപ്പാറയിലുള്ള കൈവശക്കാരിൽ ശ്രീ.ഷൈജു, S/o അറമുഖൻ എന്നയാൾ മരണപ്പെട്ടതിനാലും വീട് അടച്ചിട്ട നിലയിലായതിനാലും അപേക്ഷയും മറ്റു വിവരങ്ങളും ലഭ്യമായിട്ടില്ല എന്നും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3. 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ 11(2) (viii) പ്രകാരം വിലയേറിയ ധാതുക്കളോ ഖനികളോ അടങ്ങിയിട്ടുള്ളതോ, അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതോ ആയ

ഭൂമികൾ പൊതു ആവശ്യത്തിനായി നീക്കി വയ്ക്കേണ്ട ഭൂമികളാണെന്നും, അത്തരം ഭൂമികൾ പതിവിന് വിധേയമല്ലാത്തതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. ടി പ്രദേശങ്ങളിൽ കരിങ്കല്ലിന്റെ നിക്ഷേപമുള്ളതാണ് എന്നും എന്നാൽ തോട്ടേരിപ്പാറയിൽ സമീപത്തായി മറ്റ് വീടുകളും പൊതു റോഡുമുള്ളതിനാലും, ഇരുമ്പനങ്ങോട്ട് പാറയിൽ വീടുകളും പൊതു റോഡും കൂടാതെ ഇലക്ട്രിക് ലൈനും കടന്നു പോകുന്നതിനാലും ഖനനത്തിന് അനുയോജ്യമല്ലായെന്നും മേൽ ഭൂമിയിലെ ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിലനിർത്തിക്കൊണ്ട് അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് ആക്ഷേപമില്ലായെന്നും പരാമർശം (2) പ്രകാരം ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റീ സർവേയിൽ സർക്കാർ പാറ എന്ന് രേഖപ്പെടുത്തിയത് മൂലമാണ് ദീർഘകാലമായി ഭൂമി കൈവശം വച്ച് താമസിച്ചു വരുന്ന 24 കുടുംബങ്ങൾക്ക് പട്ടയം നൽകാൻ കഴിയാത്തത്. കരിങ്കല്ലിന്റെ നിക്ഷേപം ഉണ്ടെന്നു മാത്രമാണ് ജിയോളജിസ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ട് പാറ, റീസർവ്വെ നം.204/6-ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചു വരുന്ന 23 കൈവശക്കാർക്ക് (ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു) ഭൂമിയിലെ ധാതുക്കളുടെ പൂർണ്ണമായ അവകാശം സർക്കാരിനായിരിക്കും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 1964- ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇക്കാര്യത്തിലുള്ള തുടർനടപടികൾ മലപ്പുറം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, മലപ്പുറം

പൊതുഭരണ എസ്.സി വകുപ്പ് (19.02.2025ലെ ഇനം നം.2733)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (L1/58/2023-REV)

ഉത്തരവിൻ പ്രകാരം

Signed by
Priya Vincent
സെക്ഷൻ ഓഫീസർ
Date: 22-02-2025 11:08:59

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-02-2025

ഫയൽ നം. എൽ1/58/2023/റവ. ഇനം നം: 2733

വിഷയം : റവന്യൂ വകുപ്പ് - മലപ്പുറം ജില്ലയിലെ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ടു പാറ, റീസർവ്വെ നം.204/6-ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിലെ 23 കൈവശക്കാർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradha

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

[handwritten initials] 20/2

2733

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | എൽ1/58/2023/റവ |
| 2. | വകുപ്പ് | റവന്യൂ (എൽ) വകുപ്പ് |
| 3. | വിഷയം | മലപ്പുറം ജില്ലയിലെ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ടു പാറ, റീസർവ്വെ നം.204/6 -ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിലെ 23 കൈവശക്കാർക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് പട്ടയം അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 01.12.2024 |
| 5. | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ?<br>(ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ | അതെ<br>ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കരട് കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ. ആർ.എൽ |
| 8. | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 19.12.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദാ മുരളീധരൻ |
| 1. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.02.2025 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 10.02.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 1[illegible].02.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ടു പാറ, റീസർവ്വെ നം.204/6 -ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിലെ 23 കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. മൊറയൂർ വില്ലേജിലെ ഇരുമ്പനങ്ങോട്ടു പാറ, തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിലെ കൈവശക്കാർക്ക് ഭൂമി പതിച്ചു നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. എൻ ഹംസ നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിൽ ഇരുമ്പനങ്ങോട്ടുപാറ, തോട്ടേരിപ്പാറ എന്നീ പ്രദേശങ്ങളിൽ ആകെ 24 കുടുംബങ്ങളാണ് വീട് വച്ച് താമസിച്ച് വരുന്നത്. റീ സർവ്വെ രേഖകളിൽ ടി സ്ഥലങ്ങൾ "പാറ പുറമ്പോക്ക്" എന്ന വിഭാഗത്തിലാണ് ഉൾപ്പെട്ട് വരുന്നത്. കൂടാതെ എ രജിസ്റ്ററിൽ "പാറ" എന്ന് രേഖപ്പെടുത്തിയിരുന്നതും റീസർവ്വെയ്ക്ക് ശേഷം "സർക്കാർ പാറ" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. തോട്ടേരിപ്പാറ പ്രദേശത്ത് 14 കുടുംബങ്ങളും ഇരുമ്പനങ്ങോട്ടുപാറ പ്രദേശത്ത് 10 കുടുംബങ്ങളും വർഷങ്ങളായി വീട് വച്ച് താമസിച്ചു വരുന്നു. ഇവർ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മറ്റ് ഭൂമിയില്ലാത്തവരും ആണ്. 24 കൈവശക്കാരുടെയും കൈവശഭൂമിയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇരുമ്പനങ്ങോട്ടു പാറ പ്രദേശത്തെ കൈവശക്കാരുടെയും കൈവശഭൂമിയുടെയും വിവരങ്ങൾ

ബ്ലോക്ക് : 56 റീസർവ്വെ നം : 94/2 ആകെ വിസ്തീർണ്ണം 02.44 ഹെക്ടർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈവശ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | കല്യാണി, W/o കേശവൻ, ഇരുമ്പനങ്ങോട്ടു പാറ വീട്, അരിമ്പ്ര.പി.ഒ | 0.0520 |
| 2 | കണക്കായി അയ്യപ്പൻ S/o ചെള്ളിക്കുട്ടി, ഇരുമ്പനങ്ങോട്ടു പാറ വീട്, അരിമ്പ്ര.പി.ഒ | 0.0530 |
| 3 | അബൂബക്കർ, S/o മുഹമ്മദ്, ഞണ്ടുകണ്ടി, താഴെ പണ്ടാരത്തിൽ (H), ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0500 |

| | | |
|---|---|---|
| | പാറുക്കുട്ടി, W/o വേലായുധൻ, കളത്തുംപടിക്കൽ വീട്, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0450 |
| 5 | തച്ചറക്കൽ അബ്ദുൾ മുത്വലിബ്, S/o നഫീസ, പുത്തൻ മാളിയേക്കൽ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0260 |
| 6 | ഒറ്റകത്ത് മുത്തുബീവി, D/o അബ്ദുള്ള കോയ തങ്ങൾ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0340 |
| 7 | സുകുമാരൻ, S/o ശങ്കരൻ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0250 |
| 8 | മുസ്ല്യാരകത്ത് അലിയുദ്ദീൻ, S/o സൈനുദ്ദീൻ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0350 |
| 9 | അഷ്റഫ്, S/o മുഹമ്മദ്, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0202 |
| 10 | അഹമ്മദ് കുട്ടി, S/o മൊയ്തീൻ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0172 |

തോട്ടേരിപ്പാറ പ്രദേശത്തെ കൈവശക്കാരുടെയും കൈവശഭൂമിയുടെയും വിവരങ്ങൾ

ബ്ലോക്ക് : 56 റീസർവ്വെ നം : 204/6 ആകെ വിസ്തീർണ്ണം 0.96 ഹെക്ടർ

| ക്രമ നം. | ഉണഭോക്താവിന്റെ പേരും വിലാസവും | കൈവശ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | മറിയുമ്മ, D/o കദിയുമ്മ, തോപ്പിൽ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0300 |
| 2 | അസൈനാർ വട്ടലിൽ, S/o അലവി, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0470 |
| 3 | നഫീസ, D/o ആച്ചുട്ടി ചെങ്ങണക്കുന്നൻ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0325 |
| 4 | കരണ്ടക്കാട്ട് ജമീല, D/o മുഹമ്മദ്, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0210 |
| 5 | തോപ്പിൽ മുഹമ്മദലി, S/o കദിയുമ്മ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0540 |
| 6 | കെ.ടി.ഹംസ, കുഴിയിൽതൊടി, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0500 |
| 7 | പൊറ്റയിൽ കദീജ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0410 |
| 8 | സുബൈർ , S/o മുഹമ്മദ്, വട്ടലിൽ, തോട്ടേരിപ്പാറ, | 0.0440 |

| | | |
|---|---|---|
| | അരിമ്പ്ര പി.ഒ | |
| 9 | ചോയി മഠത്തിൽ സെയ്തലവി, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0390 |
| 10 | ഉമ്മു സൽമ, D/o മടവൻ കദീജ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0270 |
| 11 | ചങ്ങണക്കുന്നൻ അബ്ബാസ്, S/o അബൂബക്കർ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0450 |
| 12 | വേലായുധൻ ചെമ്പൻ, s/o അറുമുഖൻ, ചാളക്കണ്ടി വീട്, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0450 |
| 13 | ശാന്ത, W/o രവീന്ദ്രൻ, ചെമ്പൻ, തോട്ടേരിപ്പാറ വീട്, അരിമ്പ്ര പി.ഒ | 0.0300 |
| 14 | ഷൈജു, S/o അറമുഖൻ, ചെമ്പൻ വീട്, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0270 |

തോട്ടേരിപ്പാറയിലുള്ള കൈവശക്കാരുടെ ലിസ്റ്റിലെ ക്രമ നമ്പർ 14 ലുള്ള ശ്രീ.ഷൈജു, S/o അറമുഖൻ എന്നയാൾ മരണപ്പെട്ടതിനാലും വീട് അടച്ചിട്ട നിലയിലായതിനാലും അപേക്ഷയും മറ്റു വിവരങ്ങളും ലഭ്യമായിട്ടില്ല എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ മരണപ്പെട്ട ടിയാന്റെ അനന്തരാവകാശികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടി ഭൂമി പതിവിന് പരിഗണിക്കാവുന്നതാണ്.

3. 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ 11(2) (viii) പ്രകാരം വിലയേറിയ ധാതുക്കളോ ഖനികളോ അടങ്ങിയിട്ടുള്ളതോ, അടങ്ങിയിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നതോ ആയ ഭൂമികൾ പൊതു ആവശ്യത്തിനായി നീക്കി വയ്ക്കേണ്ട ഭൂമികളാണെന്നും, അത്തരം ഭൂമികൾ പതിവിന് വിധേയമല്ലാത്തതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. ടി പ്രദേശങ്ങളിൽ കരിങ്കല്ലിന്റെ നിക്ഷേപമുള്ളതാണ് എന്നാൽ തോട്ടേരിപ്പാറയിൽ സമീപത്തായി മറ്റ് വീടുകളും പൊതു റോഡുമുള്ളതിനാലും, ഇരുമ്പനങ്ങോട്ടു പാറയിൽ വീടുകളും പൊതു റോഡും കൂടാതെ ഇലക്ട്രിക് ലൈനും കടന്നു പോകുന്നതിനാലും ഖനനത്തിന് അനുയോജ്യമല്ലായെന്നും മേൽ ഭൂമിയിലെ ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിലനിർത്തിക്കൊണ്ട് അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് ആക്ഷേപമില്ലായെന്നും ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. റീ സർവേയിൽ സർക്കാർ പാറ എന്ന് രേഖപ്പെടുത്തിയത് മൂലമാണ് ദീർഘകാലമായി ഭൂമി കൈവശം വച്ച് താമസിച്ചു വരുന്ന കുടുംബങ്ങൾക്ക് പട്ടയം നൽകാൻ കഴിയാത്തത് എന്നും

റിങ്കല്ലിന്റെ നിക്ഷേപം ഉണ്ടെന്നു മാത്രമാണ് ജിയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് എന്നുമുള്ള സാഹചര്യത്തിൽ സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് മന്ത്രി സഭയുടെ അനുമതിയോടെ ഭൂമി പതിച്ചു നൽകുന്ന കാര്യം ബഹു. റവന്യൂ വകുപ്പ് മന്ത്രി ശുപാർശ ചെയ്തപ്പോൾ ഭൂമിയിലെ ധാതുക്കളുടെ അവകാശം പൂർണ്ണമായും സർക്കാരിൽ നിലനിർത്തിക്കൊണ്ട് സർക്കാരിന്റെ സവിശേഷ അധികാരം ഉപയോഗിച്ച് തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരമുപയോഗിച്ച് മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി താലൂക്കിൽ മൊറയൂർ വില്ലേജിലെ റീസർവ്വെ നം.94/2-ൽപ്പെട്ട ഇരുമ്പനങ്ങോട്ടു പാറ, റീസർവ്വെ നം.204/6 -ൽപ്പെട്ട തോട്ടേരിപ്പാറ എന്നീ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചു വരുന്ന 23 കൈവശക്കാർക്ക് (ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു) ഭൂമിയിലെ ധാതുക്കളുടെ പൂർണ്ണമായ അവകാശം സർക്കാരിനായിരിക്കും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി പട്ടയം അനുവദിച്ച് നൽകാമോ?

<u>പുതുക്കിയ പതിവ് ലിസ്റ്റ്</u>

ഇരുമ്പനങ്ങോട്ടു പാറ പ്രദേശം

ബ്ലോക്ക് : 56 റീസർവ്വെ നം : 94/2 ആകെ വിസ്തീർണ്ണം 02.44 ഹെക്ടർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈവശ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | കല്യാണി, W/o കേശവൻ, ഇരുമ്പനങ്ങോട്ടു പാറ വീട്, അരിമ്പ്ര.പി.ഒ | 0.0520 |
| 2 | കണക്കായി അയ്യപ്പൻ S/o ചെള്ളിക്കുട്ടി, ഇരുമ്പനങ്ങോട്ടു പാറ വീട്, അരിമ്പ്ര.പി.ഒ | 0.0530 |
| 3 | അബൂബക്കർ, S/o മുഹമ്മദ്, ഞണ്ടുകണ്ടി, താഴെ പണ്ടാരത്തിൽ (H), ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0500 |
| 4 | പാറുക്കുട്ടി, W/o വേലായുധൻ, കളത്തുംപടിക്കൽ വീട്, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0450 |
| 5 | തച്ചറക്കൽ അബ്ദുൾ മുത്വലിബ്, S/o നഫീസ, പുത്തൻ മാളിയേക്കൽ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0260 |
| 6 | ഒറ്റകത്ത് മുത്തുബീവി, D/o അബ്ദുള്ള കോയ തങ്ങൾ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0340 |
| 7 | സുകമാരൻ, S/o ശങ്കരൻ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0250 |
| 8 | മുസ്ല്യാരകത്ത് അലിയുദ്ദീൻ, S/o സൈനുദ്ദീൻ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0350 |
| 9 | അഷ്റഫ്, S/o മുഹമ്മദ്, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0202 |
| 10 | അഹമ്മദ് കുട്ടി, S/o മൊയ്തീൻ, ഇരുമ്പനങ്ങോട്ടു പാറ, അരിമ്പ്ര.പി.ഒ | 0.0172 |

തോട്ടേരിപ്പാറ പ്രദേശം

ബ്ലോക്ക് : 56 റീസർവ്വെ നം : 204/6 ആകെ വിസ്തീർണ്ണം 0.96 ഹെക്ടർ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈവശ വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | മറിയുമ്മ, D/o കദിയുമ്മ, തോപ്പിൽ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0300 |
| 2 | അസൈനാർ വട്ടലിൽ, S/o അലവി, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0470 |
| 3 | നഫീസ, D/o ആച്ചുട്ടി ചെങ്ങണക്കുന്നൻ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0325 |
| 4 | കരണ്ടക്കാട്ട് ജമീല, D/o മുഹമ്മദ്, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0210 |
| 5 | തോപ്പിൽ മുഹമ്മദലി, S/o കദിയുമ്മ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0540 |
| 6 | കെ.ടി.ഹംസ, കുഴിയിൽതൊടി, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0500 |
| 7 | പൊറ്റയിൽ കദീജ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0410 |
| 8 | സുബൈർ , S/o മുഹമ്മദ്, വട്ടലിൽ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0440 |
| 9 | ചോയി മഠത്തിൽ സെയ്തലവി, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0390 |
| 10 | ഉമ്മു സൽമ, D/o മടവൻ കദീജ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0270 |
| 11 | ചങ്ങണക്കുന്നൻ അബ്ബാസ്, S/o അബൂബക്കർ, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0450 |
| 12 | വേലായുധൻ ചെമ്പൻ, S/o അറുമുഖൻ, ചാളക്കണ്ടി വീട്, തോട്ടേരിപ്പാറ, അരിമ്പ്ര പി.ഒ | 0.0450 |
| 13 | ശാന്ത, W/o രവീന്ദ്രൻ, ചെമ്പൻ, തോട്ടേരിപ്പാറ വീട്, അരിമ്പ്ര പി.ഒ | 0.0300 |